**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4264** **09-08-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസികളായ തൊഴിലാളികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്രവാസികളായ വിദഗ്ധ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | തൊഴിൽ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഒഡെപെക്-ൽ വിദേശ തൊഴിൽ ദാതാക്കളുടെ ആവശ്യപ്രകാരം വരുന്ന ഒഴിവുകൾ ഒഡെപെക്കിന്റെ വെബ് പോർട്ടലായ www.odepc.kerala.gov.in ൽ ലഭ്യമാണ്. യോഗ്യത, പ്രായം, പ്രവൃത്തി പരിചയം തുടങ്ങിയ മാനദണ്ഡങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്ത് ഉദ്യോഗാർത്ഥികൾക്ക് സമയപരിധിക്കുള്ളിൽ അപേക്ഷിക്കാവുന്നതാണ്. തൊഴിൽ നഷ്ടപ്പെട്ട് തിരികയെത്തി നാട്ടിലോ, വിദേശത്തോ തൊഴിൽ തേടുന്ന വിദഗ്ധ അർദ്ധ – വിദഗ്ധ പ്രവാസികളെയും തൊഴിൽ നൽകാൻ സന്നദ്ധരായ തൊഴിൽദാതാക്കളെയും പരസ്പരം ബന്ധിപ്പിക്കുന്നതിന് നോർക്ക സ്കിൽ റിപ്പോസിറ്ററി പോർട്ടൽ ആരംഭിച്ചു. വിവിധ മേഖലകളിലെ തൊഴിൽദാതാക്കൾക്ക് പ്രസ്തുത പോർട്ടൽ മുഖാന്തിരം പ്രവാസികളുടെ തൊഴിൽ വൈദഗ്ദ്യം അനുസരിച്ച് അവർക്കാവശ്യമായ മേഖലകളിൽ തൊഴിൽ ലഭ്യമാക്കാൻ കഴിയുന്ന വിധത്തിലാണ് മേൽ പോർട്ടൽ വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) | ഇത്തരം തൊഴിലാളികൾക്ക് ഓൺലൈൻ വഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എങ്ങനെ രജിസ്റ്റർ ചെയ്യാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ; പ്രായം, പ്രവൃത്തി പരിചയം എന്നിവയുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | www.eemployment.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്ത് 90 ദിവസത്തിനകം അസ്സൽ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരാക്കി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാവുന്നതാണ്. 14 വയസ്സ് പൂർത്തിയാക്കിയ എല്ലാ ഉദ്യോഗാർത്ഥികൾക്കും അവരുടെ സ്ഥിരം താമസസ്ഥലം ഉൾപ്പെടുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഉയർന്ന പ്രായപരിധി ബാധകമല്ല. വിദേശത്ത് ജോലി ചെയ്തതായി |

| | | | |
|---|---|---|---|
| | | | കാണിക്കുന്ന അസ്സൽ തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുമ്പോൾ സാധ്യവും സ്വീകാര്യവുമാണെങ്കിൽ ആയതു രജിസ്റ്റർ ചെയ്തു നൽകുന്നതാണ്. |
| (സി) | ഇവരുടെ തൊഴിൽ വൈദഗ്ധ്യം കേരളത്തിലെ തൊഴിൽ മേഖലയിൽ എങ്ങനെയാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | നിലവിൽ ഇതു സംബന്ധിച്ച പദ്ധതികളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ